# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1742** — **22-03-2012-ൽ മറുപടിയ്ക്ക്**

### ആദിവാസി യുവതിയെ പീഡിപ്പിച്ച സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി: | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ ഊമയും ബധിരയും ബുദ്ധിമാന്ദ്യവുമുള്ള സുജാത മലയൻ എന്ന ആദിവാസി യുവതിയെ നിരന്തരമായി പീഡിപ്പിക്കുകയും, അവിവാഹിതയായ അവർക്ക് 3 കുട്ടികൾ ജനിക്കാനിടയാവുകയും ചെയ്ത വിഷയത്തിൽ കോടശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതിപ്രകാരം കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഈ സംഭവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി പ്രകാരം വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം 866/11 U/s 376 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും പ്രതിയായ ചന്ദ്രൻ S/o വേലായുധൻ, മലയൻവീട്, രണ്ടുകൈ എന്നയാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. കുട്ടിയുടെ പിതൃത്വം തെളിയിക്കുന്നതിന് ഡി.എൻ.എ ടെസ്റ്റിന് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ സംരക്ഷണത്തിനായി സാമ്പത്തിക സഹായം അടക്കമുള്ള എന്തെങ്കിലും സഹായ നടപടികൾ സർക്കാർ നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ? | (ബി) | ഭവന നിർമ്മാണ സഹായമായി 2,50,000/-രൂപയും ആടു വളർത്തൽ പദ്ധതിയിലൂടെ ജീവനോപാധിയായി 17,500/- രൂപയും ചേർത്ത് ആകെ 2,67,500/-രൂപയുടെ ആനുകൂല്യം |

അനുവദിക്കുന്നതിനുള്ള നടപടികൾ ചാലക്കുടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മുഖേന സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ